**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4056** **17-03-2025 - ൽ മറുപടിയ്ക്ക്**

**കെ സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ കേന്ദ്രങ്ങൾ മുഖേന നടപ്പാക്കുന്ന കെ സ്റ്റോർ പദ്ധതി എന്താണെന്ന് വിശദമാക്കുമോ; | (എ) | പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ കൂടുതൽ പൊതുജനോപകാരപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ് കെ സ്റ്റോർ. റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ മിൽമ ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈക്കോയുടെ ശബരി ഉൽപ്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSME ഉത്പന്നങ്ങൾ എന്നിവ കെ -സ്റ്റോറുകൾ വഴി നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇതേവരെ കെ സ്റ്റോറുകൾ വഴി എന്തു തുകയുടെ ഉല്പന്നങ്ങൾ വില്പന നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കെ - സ്റ്റോർ പ്രവർത്തനം ആരംഭിച്ചത് മുതൽ 2025 ഫെബ്രുവരി 28 വരെ 1,24,39,715/- രൂപയുടെ ശബരി ഉത്പന്നങ്ങൾ, 1,58,29,243/- രൂപയുടെ മിൽമ ഉത്പന്നങ്ങൾ, 4,86,45,398/- രൂപയുടെ CSC സേവനങ്ങൾ, 10,49,40,839/- രൂപയുടെ MSME ഉത്പന്നങ്ങൾ, 1,43,89,456/- രൂപയുടെ ചോട്ടു ഗ്യാസ് എന്നിങ്ങനെ ആകെ 19,62,44,651/- (പത്തൊൻപത് കോടി അറുപത്തിരണ്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി അൻപത്തൊന്ന് രൂപ മാത്രം) രൂപയുടെ വില്പന കെ-സ്റ്റോറുകൾ മുഖേന നടന്നിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ കെ സ്റ്റോറുകൾ വഴി എന്തു തുകയുടെ വില്പന നടത്തിയിട്ടുണ്ടെന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ കെ-സ്റ്റോറുകളിലെ വില്പന വിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ **അനുബന്ധമായി** ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | നിയോജക മണ്ഡലം | വില്പന നടന്നിട്ടുള്ള തുക |
|---|---|---|
| 1 | ആറ്റിങ്ങൽ | 8044113 |
| 2 | ചിറയിൻകീഴ് | 8971896 |
| 3 | വർക്കല | 2886667 |
| 4 | അരുവിക്കര | 11120211 |
| 5 | കാട്ടാക്കട | 283677 |
| 6 | പാറശാല | 793885 |
| 7 | നെയ്യാറ്റിൻകര | 247213 |
| 8 | കോവളം | 1054694 |
| 9 | നെടുമങ്ങാട് | 5544922 |
| 10 | വാമനപുരം | 10076071 |
| 11 | കഴക്കൂട്ടം | 347221 |
| 12 | നേമം | 163429 |
| 13 | തിരുവനന്തപുരം | 7674156 |
| | ആകെ | 57208155 |

സെക്ഷൻ ഓഫീസർ